നം: F/1093/2023/സിഎഫ്എ/തിരു:

പ്രിൻസിപ്പാളിന്റെ കാര്യാലയം
കോളേജ് ഓഫ് ഫൈൻ ആർട്സ് കേരള
തിരുവനന്തപുരം
cfaktvm@gmail.com

തീയതി: 19/02/2024

## ക്വട്ടേഷൻ നോട്ടീസ്

ക്വട്ടേഷൻ നം.04/ 2023-24

കോളേജ് ഓഫ് ഫൈൻ ആർട്സ് കേരള, തിരുവനന്തപുരത്തിന്റെ ഹോസ്റ്റലിനോടനുബന്ധിച്ചുള്ള വിദ്യാർത്ഥികൾക്കുള്ള മെസ്സ് 2024 ജൂൺ മുതൽ ഒരു വർഷ കാലയളവിലേയ്ക്ക് നടത്തുന്നതിന് താല്പര്യമുള്ള കരാറുകാരിൽ നിന്നും താഴെപറയുന്ന ഭക്ഷണ സാധനങ്ങളുടെ മിതമായ നിരക്കുകളടങ്ങിയ മത്സര സ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

**ഭക്ഷണ സാധനങ്ങളുടെ പട്ടിക**

| ക്രമ നം. | ഐറ്റം | ഐറ്റത്തെ സംബന്ധിച്ച വിവരം | മറ്റിനങ്ങൾ |
|---|---|---|---|
| 1 | പ്രഭാത ഭക്ഷണം & കറികൾ | പുട്ട്/ചപ്പാത്തി/ഇടിയപ്പം/അപ്പം/ദോശ & മുട്ടക്കറി/കടലക്കറി/വെജ്.കറി/ സാമ്പാർ/ ചമ്മന്തി | ഇതോടൊപ്പം ചായ/കാപ്പി |
| 2 | ഉച്ചഭക്ഷണം (ഊണ്) | ഊണിനോടൊപ്പം സാമ്പാർ, അവിയൽ, രസം, പുളിശ്ശേരി, തോരൻ (കാബേജ്/വെണ്ടയ്ക്ക/കോവയ്ക്ക) അച്ചാർ - (നാരങ്ങ/മാങ്ങ) | |
| 3 | രാത്രി ഭക്ഷണം | ചപ്പാത്തി/പൊറോട്ട/അപ്പം/കഞ്ഞി (കൂടെ തോരൻ, അച്ചാർ, പപ്പടം) കറികൾ - മുട്ടക്കറി/വെജ്.കറി/തക്കാളിക്കറി/ ചിക്കൻകറി (ചിക്കൻകറി ആഴ്ചയിൽ ഒരു ദിവസം) | |
| 4 | ബിരിയാണി (മാസത്തിൽ രണ്ടു ദിവസം) | ചിക്കൻ ബിരിയാണി/വെജ് ബിരിയാണി | അച്ചാർ, സാലഡ് |

നിരതദ്രവ്യം : 1000/- രൂപ
ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി : 18/03/2024 11am
ക്വട്ടേഷൻ തുറക്കുന്ന തീയതി : 18/03/2024 3pm
സ്ഥലം : കോളേജ് ഓഫ് ഫൈൻ ആർട്സ് കേരള, തിരുവനന്തപുരം

പ്രിൻസിപ്പാൾ

PRINCIPAL
College of Fine Arts Kerala
Thiruvananthapuram

COLLEGE OF FINE ARTS KERALA THIRUVANANTHAPURAM

പകർപ്പ്

1. കോളേജ് നോട്ടീസ് ബോർഡ്
2. നഗരസഭാ കാര്യാലയം
3. പാളയം മാർക്കറ്റ്
4. സാഫല്യം കോംപ്ലക്സ്
5. സ്ഥാപനത്തിന്റെ വെബ്സൈറ്റ്

**താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായായിരിക്കണം ക്വട്ടേഷൻ സമർപ്പിക്കേണ്ടത്**

1. ലേലം കൊണ്ടവർ സ്വന്തം ചെലവിൽ നഗരസഭയിൽ നിന്നും ആരോഗ്യ വകുപ്പിൽ നിന്നുമുള്ള രജിസ്ട്രേഷൻ എടുക്കേണ്ടതും അതിൽ പ്രതിപാദിക്കുന്ന പ്രകാരമുള്ള നിയമാവലികൾ പാലിക്കേണ്ടതുമാണ്.

2. പാൽ ചേർക്കാത്ത ചായ/കോഫി, പഞ്ചസാര ചേർക്കാത്ത ചായ/കോഫി എന്നിവയ്ക്ക് വിലയിൽ അർഹമായ ഇളവുകൾ അനുവദിക്കേണ്ടതാണ്.

3. ഭക്ഷണ സാധനങ്ങളുടെ വില വിവരപട്ടിക മിനിമം അളവുകൾ ഉൾപ്പെടുത്തി മെസ്സിന്റെ ഉൾവശത്ത് കോൺട്രാക്ടറുടെ സ്വന്തം ചെലവിൽ പ്രദർശിപ്പിക്കേണ്ടതാണ്.

4. പട്ടികയിൽ ഉൾപ്പെടാത്ത സാധനങ്ങൾ പ്രിൻസിപ്പാളിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയും പ്രസ്തുത സാധനങ്ങളുടെ വിൽപ്പന വില സംബന്ധിച്ച അംഗീകാരം പ്രിൻസിപ്പാളിൽ നിന്നും ലഭിച്ച ശേഷവും മാത്രമേ വിൽപ്പന നടത്താവൂ. മെസ്സിന്റെ പ്രവർത്തന സമയം രാവിലെ 6.30 മുതൽ രാത്രി 8 മണിവരെ ആയിരിക്കും.

5. നിരോധിക്കപ്പെട്ടിട്ടുള്ള പാനീയങ്ങൾ, ബീഡി, സിഗരറ്റ് ഉൾപ്പെടെയുള്ള പുകയില ഉൽപ്പന്നങ്ങൾ, മദ്യം മറ്റ് ലഹരി പാനീയങ്ങൾ മുതലായവ ക്യാന്റീനിൽ വിൽക്കുവാൻ പാടില്ല. പ്ലാസ്റ്റിക് നിരോധിത മേഖലയായതിനാൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുംവലിച്ചെറിയുന്നതും ഒഴിവാക്കേണ്ടതാണ്.

6. ശനിയാഴ്ചകളിലും ഓണം, ക്രിസ്തുമസ് വേക്കേഷനുകളിലെ പ്രവർത്തി ദിവസങ്ങളിലും മദ്ധ്യവേനലവധിക്കാലത്തെ (ഏപ്രിൽ, മേയ് മാസങ്ങൾ) പ്രവർത്തി ദിവസങ്ങളിലും പ്രിൻസിപ്പാളിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ മെസ്സിന്റെ പ്രവർത്തന സമയം വെട്ടിച്ചുരുക്കുവാനോ, മെസ്സ് പ്രവർത്തിപ്പിക്കാതെയിരിക്കുവാനോ സാധിക്കുന്നതാണ്.

7. നിലവിൽ മെസ്സിലേയ്ക്കുള്ള വെള്ളം, വൈദ്യുതി എന്നിവയ്ക്ക് പ്രത്യേക നിരക്കുകൾ ഒന്നും തന്നെ ഈടാക്കുന്നില്ലെങ്കിലും അവയുടെ ഉപഭോഗം ക്രമാതീതമായി ഉയരുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഒരു പരിധിയ്ക്ക് മുകളിലുള്ള ഇവയുടെ ഉപഭോഗത്തിനുള്ള നിരക്കുകൾ നൽകാൻ ക്യാന്റീൻ കോണട്രാക്ടർ ബാദ്ധ്യസ്ഥനാണ്.

8. ഈ സ്ഥാപനത്തിലെ ജീവനക്കാരെയോ വിദ്യാർഥികളേയോ മെസ്സിന്റെ നടത്തിപ്പിനോ മറ്റ് ജോലികൾക്കോ ആയി നിയോഗിക്കാൻ പാടില്ല.

9. ക്വാട്ട് ചെയ്യുന്ന കുറഞ്ഞ വിലയുടെ അടിസ്ഥാനത്തിൽ മാത്രമല്ല കോൺട്രാക്ടറുടെ ഈ ഫീൽഡിലിലുള്ള കഴിവും മുൻ പരിചയവും കൂടി കണക്കിലെടുത്താണ് കോൺട്രാക്ട് ഉറപ്പിക്കുന്നത്. കോൺട്രാക്ട് ഉറപ്പിയ്ക്കുന്നത് സംബന്ധിച്ച പ്രിൻസിപ്പാളിന്റെ തീരുമാനം അന്തിമവും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

10. ക്വട്ടേഷൻ സമർപ്പിയ്ക്കുന്ന വ്യക്തി മുകളിൽ പരാമർശിക്കപ്പെട്ട വിഭങ്ങളും അവയുടെ വിലയും വ്യക്തമായി രേഖപ്പെടുത്തേണ്ടതും സമ്മതപത്രത്തോടും കൈയ്യൊപ്പോടും കൂടി സമർപ്പിക്കേണ്ടതുമാണ്. ക്വട്ടേഷൻ നൽകുന്നവർ തങ്ങൾക്ക് ഈ ഫീൽഡിലുള്ള കഴിവും, പരിചയവും, ഹെൽത്ത് കാർഡ് എന്നിവ കാണിയ്ക്കുന്ന സാക്ഷ്യപത്രങ്ങൾ ക്വട്ടേഷനോടൊപ്പം ഉൾക്കൊള്ളിക്കുന്നത് അഭികാമ്യം.

11. കോൺട്രാക്ട് ഉറപ്പിക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പരമാധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മെസ്സ് നടത്തിപ്പ് സംബന്ധിച്ച മറ്റ് വിശദാംശങ്ങളും നിർദ്ദേശങ്ങളും കരാർ ഉറപ്പിച്ച് കിട്ടുന്ന ആളിന് പ്രത്യേകമായി നൽകുന്നതാണ്.

12. മെസ്സിന്റെ എല്ലാ പ്രവർത്തനങ്ങളും സർക്കാർ നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും അനുസൃതമായിരിക്കണം.

13. എല്ലാ ദിവസവും മെസ്സ് പ്രവർത്തിപ്പിക്കേണ്ടതാണ്.

COLLEGE OF FINE ARTS KERALA